**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3761, 21/06/2019- ൽ മറുപടിയ്ക്ക്**
**"ആയുഷ്മാൻ ഭാരത് പദ്ധതി"**

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ആരോഗ്യ സുരക്ഷാ പദ്ധതിയായ ആയുഷ്മാൻ ഭാരത് പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കിയില്ല എന്ന ആരോപണം ശരിയാണോ? | ശരിയല്ല. ആരോഗ്യ സുരക്ഷാ പദ്ധതിയായ ആയുഷ്മാൻ ഭാരത് പദ്ധതി കേരളത്തിൽ ഏപ്രിൽ ഒന്ന് 2019 മുതൽ ഇൻഷ്വറൻസ് രീതിയിൽ നടപ്പിലാക്കിയിരിക്കുന്നു. |
| (ബി) കേന്ദ്ര സർക്കാരിന്റെ സാമൂഹിക സാമ്പത്തിക സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ എത്ര കുടുംബങ്ങൾക്കാണ് ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം ചികിത്സാ ആനുകൂല്യം ലഭിക്കുക ? | കേന്ദ്ര സർക്കാരിന്റെ സാമൂഹിക സാമ്പത്തിക സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ 18,58,098 (പതിനെട്ട് ലക്ഷത്തി അമ്പത്തിയെണ്ണായിരത്തി തൊണ്ണൂറ്റി എട്ട്) കുടുംബങ്ങൾ പദ്ധതി ആനുകൂല്യത്തിന് അർഹരാണ്. |
| (സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് കൂടുതൽ പേർക്ക് ആരോഗ്യ പരിരക്ഷ ലഭിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിരിക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ആർ എസ് ബി വൈ യ്ക്ക് പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്തു നടപ്പാക്കുമ്പോൾ നിലവിൽ സോഷ്യൽ ഇക്കണോമിക്ക് കാസ്റ്റ് സെൻസസ് 2011 (SECC) ൽ ദുർബല വിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്കു മാത്രമെ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമായിരുന്നുള്ളൂ. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം ആർ എസ് ബി വൈ പദ്ധതി ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെ കൂടി AB-PMJAY പദ്ധതിയിൽ ഉൾപ്പെടുത്തി, അങ്ങനെ 21.57 ലക്ഷം കുടുംബങ്ങളെ മേൽ പടി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു. സംസ്ഥാന സർക്കാർ ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ആർ.എസ്.ബി വൈ / ചിസ്, ചിസ് പ്ലസ്, എസ് ചിസ് പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിരുന്ന ജനങ്ങളെ പദ്ധതിയുടെ ആനുകൂല്യം നഷ്ടപ്പെടാതെ ഇരിക്കുന്നതിനുമായി ഈ പദ്ധതികൾ |

| | |
|---|---|
| | സംയോജിപ്പിച്ച നിലവിലുള്ള 40.96 ലക്ഷം കുടുംബങ്ങളേയും ഉൾക്കൊള്ളിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വിഭാവനം ചെയ്യുകയും ഏപ്രിൽ ഒന്ന് 2019 മുതൽ പദ്ധതി കേരളത്തിൽ നടപ്പിലാക്കുകയും ചെയ്യുന്നു.<br>കേരളത്തിൽ ആർ എസ് ബി വൈ/ ചിസ് പദ്ധതിയുടെ ആനുകൂല്യം ടി പദ്ധതിയുടെ അവസാന വർഷമായ 2018-19 ൽ 40.96 ലക്ഷം കുടുംബങ്ങളായിരുന്നു. ഇതിൽ 21.57 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷുറൻസ് സേവന ദാതാവിന് അടയ്ക്കേണ്ട പ്രീമിയം തുകയുടെ 60% കേന്ദ്ര സർക്കാർ നൽകി വന്നിരുന്നു (2015 വരെ കേന്ദ്ര വിഹിതം 75%വും , സംസ്ഥാന വിഹിതം 25% വും ആയിരുന്നു). ബാക്കിവരുന്ന ആർ എസ് ബി വൈ യുടെ 40% വും ചിസ് പദ്ധതിയിൽ (19.39 ലക്ഷം കുടുംബങ്ങൾ) ഉള്ളവർക്ക് മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാർ ആണ് നൽകി വന്നിരുന്നത്. ആർ എസ് ബി വൈ /ചിസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം 30,000/-രൂപയുടെ സൗജന്യ ചികിത്സയും കൂടാതെ സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷുറൻസ് സ്കീം (SCHIS) പ്രകാരം പദ്ധതിയിൽ അംഗമായിട്ടുള്ള അറുപതു വയസ്സിനു മുകളിലുള്ള ഓരോ കുടംബത്തിനും 30,000/- രൂപയുടെ അധിക ചികിത്സയും നൽകിയിരുന്നത്. ഈ രണ്ടു പദ്ധതികൾക്കും കൂടി 21.57 ലക്ഷം കുടുംബങ്ങൾക്കു കേന്ദ്ര സർക്കാർ നൽകി വന്നത് 750 രൂപ ആയിരുന്നു. (കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ആർ.എസ്.ബി. വൈയുടെ പ്രീമിയം ആയ 750 രൂപയും എസ് ചിസ് പദ്ധതിയുടെ പ്രീമിയമായ 500 രൂപയും ചേർത്ത് 1250 രൂപയുടെ 60% ആയ 750 രൂപ). സൗജന്യ ചികിത്സാ പരിധി 5,00,000 രൂപ ആയി ഉയർത്തിയപ്പോൾ കേന്ദ്ര സർക്കാർ ഇൻഷുറൻസ് കമ്പനിക്ക് നൽകേണ്ട പ്രീമിയം 1052 രൂപയായി കുറച്ചു. ഇതിന്റെ 60% ആയ 631.2 രൂപ മാത്രമാണ് 21.57 ലക്ഷം കുടുംബങ്ങൾക്കു കേന്ദ്ര സർക്കാർ പ്രീമിയം വിഹിതമായി നൽകുന്നത്.<br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 21.57 ലക്ഷം കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷുറൻസ് പ്രീമിയം ആയ 1671/- രൂപയിൽ കേന്ദ്ര വിഹിതമായി 631.20 രൂപ മാത്രമെ ലഭിക്കുകയുള്ളൂ. ബാക്കിയുള്ള |

1040 രൂപ ആയുഷ്മാൻ ഭാരത് പദ്ധതിയുള്ള ഓരോ കുടുംബത്തിനും സംസ്ഥാന സർക്കാർ പ്രീമിയം നൽകേണ്ടതുണ്ട്. അതായത് ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ 62% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടി വരുന്നത്. കൂടാതെ ചിസ് പദ്ധതി പ്രകാരമുള്ള 19.39 ലക്ഷം കുടുംബങ്ങൾക്കും 100% പ്രീമിയം (1671/- രൂപ) സംസ്ഥാന സർക്കാർ നൽകണം.

| SCHEME | FAMILIES | FUND | SHARE |
|---|---|---|---|
| KASP/ AYUSHMAN BHARAT PSTATE SHARE | 2157472 + 1938989 | 5,48,33,90,004.60 | 80.11 |
| KASP/ AYUSHMAN BHARAT CENTRAL SHARE | 2157472 | 1,36,17,96,326.40 | 19.89 |
| **TOTAL** | | **6,84,51,86,331.00** | **100** |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്തു നടപ്പാക്കുന്നതിനു സംസ്ഥാന സർക്കാർ, പദ്ധതി തുകയുടെ 80.11 % വഹിക്കുകയും കേന്ദ്ര സർക്കാർ 19.89% വുമാണ് പദ്ധതി വിഹിതം നൽകുന്നത്.

സംസ്ഥാന സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സംസ്ഥാനത്തെ ചിസ്, ചിസ് പ്ലസ്, എസ് ചിസ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നവർക്കും തുടർന്ന് തടസ്സമില്ലാത്ത സൗജന്യ ആരോഗ്യ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ അംഗത്വ രജിസ്ട്രേഷൻ പഞ്ചായത്ത് / മുൻസിപ്പാലിറ്റി/കോർപ്പറേഷൻ കേന്ദ്രീകരിച്ചും അടിയന്തിര ചികിത്സ ആവശ്യമായവർക്കു സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ കേന്ദ്രീകരിച്ചും രജിസ്ട്രേഷൻ കൗണ്ടർ പ്രവർത്തന സജ്ജമാണ്.

| | |
|---|---|
| | ഇതുവരെയായി ഏകദേശം 20 ലക്ഷം അംഗങ്ങളെ രജിസ്റ്റർ ചെയ്ത് കഴിഞ്ഞു, ഈ പദ്ധതി നടപ്പായതിലൂടെ ഇതിനോടകം 1.5 ലക്ഷത്തോളം വ്യക്തികൾ ചികിത്സ തേടി. ആയതിലൂടെ 85 കോടി രൂപയുടെ സൗജന്യ ചികിത്സ വിവിധ ആശുപത്രികളിലൂടെ നൽകി. |

**സെക്ഷൻ ഓഫീസർ**